**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ശുചിത്വ മിഷൻ - ശ്രീ. രഞ്ചു ആർ പിള്ളയെ സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2247/2018/തസ്വഭവ. തിരുവനന്തപുരം, തീയതി: 14/08/2018**

---

പരാമർശം:-1) 31.01.2008 തീയ്യതിയിലെ സ.ഉ(കൈ)നം. 31/2008/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2) 24.02.2018 ലെ സ.ഉ(സാധാ)നം. 548/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

3) 11.06.2018 തീയ്യതിയിലെ സ.ഉ(കൈ)നം. 84/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

4) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.03.2018, 23.06.2018 എന്നീ തീയ്യതികളിലെ 1716/ബി/2015/എസ്എം നം. കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ശുചിത്വ മിഷനിൽ കരാർ അടിസ്ഥാനത്തിൽ പ്രൊജക്ട് കൺസൾറ്റന്റ് എന്ന തസ്തിക സൃഷ്ടിക്കുകയും പരാമർശം (2 ) ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആയ ശ്രീ രഞ്ചു ആർ പിള്ളയെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മേൽ തസ്തികയിൽ നിയമിക്കുകയുമുണ്ടായി. മേൽ തസ്തികയുടെ നിയമന രീതി അന്യത്ര സേവന വ്യവസ്ഥയിലേക്കു മാറ്റിക്കൊണ്ട് ഭേദഗതി ഉത്തരവ് പരാമർശം (3) പ്രകാരം സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി.

(2) 31.03.2018 - ൽ ശ്രീ രഞ്ചു ആർ പിള്ളയുടെ അന്യത്ര സേവന കാലാവധി അവസാനിച്ച സാഹചര്യത്തിൽ ടിയാളെ ഒരു വർഷത്തേക്ക് കൂടി അന്യത്ര സേവന വ്യവസ്ഥയിൽ പ്രൊജക്ട് കൺസൾറ്റന്റ് ആയി ശുചിത്വ മിഷനിൽ നിയമിക്കണമെന്ന് പരാമർശം (4) ലെ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി .

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷനിൽ പ്രൊജക്ട് കൺസൾറ്റന്റ് ആയി സേവനമനുഷ്ഠിച്ചു വരുന്ന, തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. രഞ്ചു ആർ പിള്ളയുടെ 01.04.2018 മുതൽ 10.06.2018 വരെയുള്ള സേവന കാലയളവ് വർക്കിംഗ് അറേഞ്ച്മെന്റായി ക്രമീകരിച്ചും തുടർന്ന് പരാമർശം (3) ലെ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുള്ള സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തസ്തികയിൽ 11.06.2018 മുതൽ പ്രാബല്യത്തിൽ, ടിയാനെ ശുചിത്വ മിഷനിൽ സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**മിനി എം.ആർ.**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിയ്ക്ക് ( എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേനെ)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**